*ഹയർ സെക്കന്ററി ഡയറക്ടറുടെ കാര്യാലയം*
*ഹൗസിങ് ബോർഡ് ബിൽഡിങ്സ്*
*ശാന്തിനഗർ തിരുവനന്തപുരം 1*

*No. ICT Cell/1771/4/HSE/2018* *11 th May 2018*

# സർക്കുലർ

*വിഷയം: പ്ലസ് വൺ പ്രവേശനം 2018-19- സ്കൂൾ വിവരങ്ങൾ പരിശോധിക്കൽ - സംബന്ധിച്ച്-*

2018-19 അക്കാദമിക വർഷത്തിലെ പ്രവേശനത്തിന് മുന്നോടിയായി ഏകജാലകരീതിയിൽ പ്രവേശനം നടത്തുന്ന സംസ്ഥാനത്തെ സർക്കാർ, എയിഡഡ് സ്കൂളുകളിലെ പൊതുവിവരങ്ങളും സീറ്റ് വിവരങ്ങളും വെബ്സൈറ്റിൽ പരിശോധിച്ച് കൃത്യത വരുത്തുന്നതിനുള്ള നിർദേശങ്ങൾ താഴെ കൊടുത്തിരിക്കുന്നു. വിവരങ്ങൾ പരിശോധിക്കുന്നതിനുള്ള സൗകര്യം അഡ്മിൻ യൂസറിൽ ലഭ്യമാകും.

## സീറ്റ് മെട്രിക്സ് പരിശോധന: നിർദേശങ്ങൾ (ഏകജാലകരീതിയിൽ പ്രവേശനം നടത്തുന്ന സ്കൂളുകൾക്ക് മാത്രം ബാധകം)

ഹയർസെക്കൻഡറി അഡ്മിഷൻ വെബ്സൈറ്റായ www.hscap.kerala.gov.in ലേക്ക് ലോഗിൻ ചെയ്യുക. പ്രിൻസിപ്പൽമാരുടെ കൈവശമുള്ള അഡ്മിൻ യൂസർ ഐ.ഡി.യും പാസ്സ് വേഡും ഉപയോഗിച്ചാണ് ലോഗിൻ ചെയ്യേണ്ടത്.

1 സ്കൂളിന്റെ പേര്
2 സ്കൂളിന്റെ ജെൻഡർ (ബോയ്സ്/ഗേൾസ്/മിക്സഡ്)
3 സ്കൂളുൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും താലൂക്കിന്റെയും പേരുകൾ
4 സ്കൂൾ ടൈപ്പ്(ഗവൺമെന്റ്/ എയിഡഡ് ജനറൽ/ എയിഡഡ് ബാക്ക് വേഡ്, എയിഡഡ് മൈനോരിറ്റി എന്നിവയിലേതെന്ന് )
5 സ്കൂളിൽ നിലവിലുള്ള കോംബിനേഷനുകൾ, രണ്ടാം ഭാഷ, അക്കൗണ്ടൻസി സ്പെസിഫിക്കേഷൻ (CA/AFS എന്നിവയിലേതെന്ന്)
6 ഓരോ കോംബിനേഷനിലും കാറ്റഗറി തിരിച്ചുള്ള ആകെ സീറ്റുകളുടെ എണ്ണം

എന്നിവ നിർബന്ധമായി പരിശോധിക്കണം. ഈ വിവരങ്ങളുടെ കൃത്യത സ്കൂളിലേക്കുള്ള അലോട്ട്മെന്റിന്റെ കൃത്യതയ്ക്ക് അനിവാര്യമാണ്. ഏകജാലകസംവിധാനപ്രകാരം പ്രവേശനം നടത്തുന്ന സീറ്റുകൾ കൂടാതെ മാനേജ്മെന്റ്, കമ്മ്യൂണിറ്റി, സ്പോർട്സ് ക്വാട്ടകളിലെ സീറ്റുകളുടെ എണ്ണവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ സീറ്റ് മെട്രിക്സ് അനുസരിച്ചായിരിക്കും ഓരോ ക്വാട്ടയിലും പ്രവേശനം നടക്കുന്നത്.

ഇത്രയും വിവരങ്ങൾ സൂക്ഷ്മമായി പരിശോധിച്ചശേഷം തെറ്റുകളൊന്നുമില്ലെങ്കിൽ ***Verified and Found Correct*** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്ത ശേഷം ലോഗ് ഔട്ട് ചെയ്യുക. പരിശോധനയ്ക്ക് ശേഷം തിരുത്തലുകൾ വേണമെന്നുണ്ടെങ്കിൽ ***Verified, Need Correction*** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്ത് ശേഷം ലോഗ് ഔട്ട് ചെയ്യുക. തിരുത്തലിന്റെ വിശദാംശങ്ങൾ ഐ.സി.റ്റി. സെല്ലിലേക്ക്

തപാലിൽ അയക്കുക. തിരുത്തലിനുള്ള അപേക്ഷയുടെ മാതൃക അനുബന്ധമായിച്ചേർത്തിട്ടുണ്ട്. എല്ലാ പരാതികളും സ്കൂൾ മുദ്രവച്ച് പ്രിൻസിപ്പലിന്റെ ഒപ്പോട് കൂടി കോ-ഓഡിനേറ്റർ, ഐ.സി.റ്റി. സെൽ(ഹയർസെക്കൻഡറി വിദ്യാഭ്യാസം), ഐ.ടി. അറ്റ് സ്കൂൾ സ്റ്റേറ്റ് പ്രോജക്ട് ഓഫീസ്, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിലേക്ക് 2018 മേയ് 18 ന് മുമ്പായി അയക്കേണ്ടതാണ്.

**ഒപ്പ്**

**പി.കെ.സുധീർബാബു ഐ.എ.എസ്സ്**
**ഡയറക്ടർ**

<u>**അനുബന്ധം**</u>

**ഏകജാലകപ്രവേശനത്തിന്റെ സ്കൂൾ/ സീറ്റ് വിവരങ്ങളുടെ തിരുത്തലുകൾക്കുള്ള അപേക്ഷ**

**അനുബന്ധം**

**(ഏകജാലകപ്രവേശനത്തിന്റെ സ്കൂൾ/ സീറ്റ് വിവരങ്ങളുടെ തിരുത്തലുകൾക്കുള്ള അപേക്ഷ)**

District:

School Code:

School Name:

## Details of Data which require Correction

| ***Sl No.*** | ***Data as seen in the admission website*** | ***To be corrected as*** |
|---|---|---|
| | | |
| | | |
| | | |

(Attach attested supporting document,if necessary for making correction)

Name & Signature of Principal:

Place:
Date: School Seal